കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ് മെന്റ് - ട്രഷറി വകുപ്പ് - ട്രഷറി ഉദ്യോഗസ്ഥരുടെ ധനവിനിയോഗ അധികാരപരിധി ഉയർത്തി നിശ്ചയിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ (കൈ) നം. 266/2017/ധന തിരുവനന്തപുരം, തീയതി. 18. 05. 2017

---

പരാമർശം:- 1. 22.01.2016 തീയതിയിലെ സ.ഉ(സാധ)നം. 652/2016/ധന നം.ഉത്തരവ്
2. 01.03.13 തീയതിയിലെ സ.ഉ (പി) നം.110/13/ധന
3. ട്രഷറി ഡയറക്ടറുടെ 01.09.16 തീയതിയിലെ എ 1/16035/12 നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ ട്രഷറികൾക്കും സ്റ്റാമ്പ് ഡിപ്പോകൾക്കും, ജില്ലാ ട്രഷറികൾക്കും ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾക്കും ട്രഷറി ഡയറക്ടറേറ്റിനും പരാമർശം (1) ലെ ഉത്തരവ് പ്രകാരം പെർമനന്റ് അഡ്വാൻസ് തുക പുതുക്കി നൽകിയിരുന്നു.. സബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിലെ ഇപ്പോഴത്തെ ധനവിനിയോഗ പരിധി വളരെ കുറവായതിനാൽ, ധനവിനിയോഗ അധികാര പരിധി ഉയർത്തി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) ലെ ഉത്തരവിന്റെ Annexure II ലെ 3,6 ഇനങ്ങളുടെ ധനവിനിയോഗ അധികാരപരിധി സബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ, ജില്ലാ ട്രഷറി ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകൾക്ക് താഴെ പട്ടികയിൽ സൂചിപ്പിക്കും വിധം നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | തസ്തിക | |
|---|---|---|---|
| | | സബ്ബ് ട്രഷറി ഓഫീസർ/സ്റ്റാമ്പ് ഡിപ്പോ ഓഫീസർ | ജില്ല ട്രഷറി ഓഫീസർ/ഡെപ്യൂട്ടി ഡയറക്ടർ |
| 1 | പെറ്റി എക്സ്പെൻസസ് | ₹500 | ₹1000 |
| 2 | കണ്ടിജെൻസീസ്[നോൺ റെക്കറിംഗ്] [സ്റ്റോഴ്സ്, സ്റ്റേഷനറി, കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവ ഒഴികെ] | ₹ 1500 | ₹ 3000 |
| 3 | പർച്ചേസ്<br>[a]സ്റ്റേഷനറി<br>[b].സ്റ്റോഴ്സ് [കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ ഒഴികെ] | ₹1 500<br>₹1500 | ₹ 2000<br>₹ 2000 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജേക്കബ് കോശി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ് എസ് എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ് എ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (രഹസ്യ /സ്കീം ലൈനിംഗ്/ബഡ്ജറ്റ് വിങ്ങ്-എ) വകുപ്പുകൾക്ക്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ ,www.finance.kerala.gov.in
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ